# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എൻമകജെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/1099/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 12/01/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എൻമകജെ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/1099/2022 തീയ്യതി: 12/01/2023

# കാസർഗോഡ് ജില്ലയിലെ എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കിഷോർ തോമസ് എം | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 17-11-2022 | 24-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2022 | 24-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാല കൃഷ്ണനായ്ക്, ഓഡിറ്റ് ഓഫീസർ
യാദവകുമാര.സി.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുഞ്ഞികൃഷ്ണൻ.കെ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അരുൺ ദേവ്.വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സോമശേഖര ജെ.എസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| മരിയഗോറോത്തി | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ബോബിമോൻ സേവ്യർ | സെക്രട്ടറി | 01-05-2021 | 07-06-2021 |
| സജിസെബാസ്റ്റ്യൻ | സെക്രട്ടറി | 08-06-2021 | 16-07-2021 |
| വിപിൻ.എസ്.ജി | സെക്രട്ടറി | 05-01-2022 | 21-02-2022 |
| അൻവർ റഹ്മാൻ | സെക്രട്ടറി | 22-02-2022 | 31-03-2022 |
| അച്ചുതമണിയാണി.കെ | സെക്രട്ടറി | 17-07-2021 | 04-01-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബോബിമോൻ സേവ്യർ | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 01-04-2021 | 07-06-2021 |
| സജിസെബാസ്റ്റ്യൻ | അസിസ്റ്റന്റ് സെക്രട്ടറി | 08-06-2021 | 16-07-2021 |
| അയിത്തപ്പ നായ്ക്ക് | അസിസ്റ്റന്റ് സെക്രട്ടറി | 17-07-2021 | 23-07-2021 |
| പ്രേംചന്ദ് | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 24-07-2021 | 09-08-2021 |
| വിപിൻ.എസ്.ജി | അസിസ്റ്റന്റ് സെക്രട്ടറി | 09-08-2021 | 31-03-2022 |
| ശ്രീജിത്ത്.പി.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| വിനീത്.വി.വർമ്മ | കൃഷി ഓഫീസർ | 01-04-2021 | 06-10-2021 |
| അഞ്ജു.എം.സണ്ണി | കൃഷി ഓഫീസർ | 06-10-2021 | 17-12-2021 |
| നഫീസത്ത് ഹംഷീന | കൃഷി ഓഫീസർ | 17-12-2021 | 31-03-2022 |
| സനു.ടി.എസ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| സുനിത പി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 21-07-2021 |
| സുമയ്യ എസ് വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 22-07-2021 | 31-08-2021 |
| റഷീല.കെ.എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-09-2021 | 03-11-2021 |
| റോബിത കുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-11-2021 | 16-11-2021 |

| | | | |
|---|---|---|---|
| പ്രേമലത ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ഡോ.ദീപ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ദീപ്തി.പി.ടി | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ഹന്ന | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2021 | 31-10-2021 |
| ഡോ.ആശ മേരി | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-11-2021 | 31-03-2022 |
| ഡോ.ബ്രിജിത്ത്.കെ.കെ | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| അനിൽകുമാർ.എ.ജി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ദിനേഷാ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| അജയൻ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ. | 1-2 |
| 3 | കുടിശ്ശിക, തൻവർഷ ഡി.സി.ബി ഇനത്തിൽ വ്യത്യാസം | 1-2-1 |
| 4 | ലൈബ്രറി സെസ്സ് ഇനത്തിലെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-2-2 |
| 5 | മറ്റ് അപാകതകൾ | 1-2-3 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല | 1-10 |
| 14 | ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു. | 1-11 |
| 15 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-12 |
| 16 | ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുക നാളിതുവരേയും ലഭ്യമായിട്ടില്ല. | 1-13 |
| 17 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 18 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല. | 1-15 |
| 19 | മരാമത്ത് പ്രവൃത്തികൾ - നിരീക്ഷണങ്ങൾ | 1-16 |
| 20 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല - ചെലവ് തുകയായ 171285/- രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |
| 21 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു | 1-18 |
| 22 | കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ -വാഹനം വാടകയ്ക്ക് എടുത്തത് -അപാകത | 1-19 |
| 23 | സ്വാന്ത്വന പരിചരണ പദ്ധതി - മുഴുവൻ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-20 |

| | | |
|---|---|---|
| 24 | തെരുവ് നായ നിയന്ത്രണ പരിപാടി ഗ്രാമ പഞ്ചായത്തിന് പ്രയോജനം ലഭ്യമാക്കേണ്ടതാണ്. | 1-21 |
| 25 | ഡയാലിസിസ് യൂണിറ്റിന് വിഹിതം കൈമാറൽ പദ്ധതി | 1-22 |
| 26 | ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്തത് -അപാകത | 1-23 |
| 27 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-24 |
| 28 | ലാബ് ടെക്നീഷ്യന് വേതനം നൽകൽ- ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-25 |
| 29 | മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കാത്തത് -സംബന്ധിച്ച് . | 1-26 |
| 30 | കൃഷി ഓഫീസർ വിവിധ പദ്ധതികൾ നിർവ്വഹണം നടത്തിപ്പിലെ അപാകതനിർവ്വഹണം കൃഷി ഓഫീസർ കൃഷി ഓഫീസർ വിവിധ പദ്ധതികൾ നിർവ്വഹണം നടത്തിപ്പിലെ അപാകതനിർവ്വഹണം കൃഷി ഓഫീസർ | 1-27 |
| 31 | നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല. | 1-28 |
| 32 | തരിശുനില കൃഷി - പൊതു അപാകതകൾ -നിർവ്വഹണം കൃഷി ഓഫീസർ | 1-29 |
| 33 | പട്ടിക ജാതി ,പട്ടിക വർഗ്ഗ വൃദ്ധർക്ക കട്ടിൽ വിതരണത്തിലെ അപാകതകൾ നിർവ്വഹണം- അസി. സെക്രട്ടറി | 1-30 |
| 34 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ-നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1-31 |
| 35 | വിവിധ പദ്ധതികൾ നിർവ്വഹണത്തില പൊതു അപാകതകൾ-നിർവ്വഹണം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1-32 |
| 36 | ടോയിലെറ്റ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല -നിർവ്വഹണ ഉദ്യോഗസ്ഥൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1-33 |
| 37 | വീട് വാസയോഗ്യമാക്കൽ (എസ്.സി) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-34 |
| 38 | വീട് വാസയോഗ്യമാക്കൽ (എസ്.ടി) നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല -നിർവ്വഹണ ഉദ്യോഗസ്ഥൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1-35 |
| 39 | അഗതി രഹിത കേരളം(Destitute Free Keralam)) പദ്ധതിക്കു വേണ്ടി ഗ്രാമ പഞ്ചായത്ത് സി.ഡി.എസ്.ന് അനുവദിച്ച ചെലവഴിക്കാതെ തുക 6,57,066/- | 1-36 |
| 40 | ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ഒ.ഡി.എഫ് പദ്ധതി ( Gen Toilet Repair) നിർമ്മാണ പ്രവൃത്തി ((യൂണിറ്റ് കോസ്റ്റ്- ₹9,240/-) പൂർത്തീകരിച്ചിട്ടില്ല. | 1-37 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തീയതി | 1/2021, 18/2/2021 | 13/2022, 11/3/2022 |
| മുന്നിരിപ്പ് | 17980145 | 14956957 |
| വരവ് | 252458000 | 231339064 |
| ആകെ | 270438145 | 246296021 |
| ചെലവ് | 258458000 | 240378186 |
| നീക്കിയിരിപ്പ് | 11980145 | 5917835 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 കുടിശ്ശിക, തൻവർഷ ഡി.സി.ബി ഇനത്തിൽ വ്യത്യാസം

1) കുടിശ്ശിക ഇനത്തിൽ ചുവടെ പറയുന്ന വ്യത്യാസം കാണുന്നു.

| ക്രമ നമ്പർ | ഇനം (കോഡ്) | 2020-21 B15 പ്രകാരം കുടിശ്ശിക ലഭിക്കേണ്ട തുക (1) | 2021-22 ലഭിച്ച തുക (RP43) (2) | 2021-22 B15 പ്രകാരംകുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക | കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട തുക (1) - (2) |
|---|---|---|---|---|---|
| 1 | വസ്തുനികുതി-റസിഡൻഷ്യൽ | 488820 | 271335 | 210295 | 217485 |
| 2 | വസ്തുനികുതി-നോൺറസിഡൻഷ്യൽ | 434505 | 197041 | 235187 | 237464 |

2) തൻ വർഷ ഡി.സി.ബി യിൽ ചുവടെ പറയുന്ന വ്യത്യാസം കാണുന്നു.

| ക്രമ നമ്പർ | ഇനം | 2021-22 I-1 പ്രകാരം ഡിമാന്റ് തുക (1) | 2021-22 ൽ ലഭിച്ച തുക (RP43) (2) | 2020-21 B9 പ്രകാരം അഡ്വാൻസായി ലഭിച്ച തുക (3) | 2021-22 B15 പ്രകാരം ലഭിക്കാനുള്ള തുക | ഡിമാന്റ്-കളക്ഷൻ എന്നിവ പ്രകാരം ലഭിക്കാനുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | (1)-(2)-(3) |
| 1 | വസ്തുനികുതി-റസിഡൻഷ്യൽ | 1299750 | 1069113 | 200899 | 222378 | 29738 |
| 2 | വസ്തുനികുതി-നോൺ-റസിഡൻഷ്യൽ | 1058117 | 785608 | 31098 | 279866 | 241411 |

മേൽ പ്രകാരം വ്യത്യാസം വരാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ല. (എൻക്വയറ് നമ്പർ 18/22.11.2022)

1-2-2 ലൈബ്രറി സെസ്സ് ഇനത്തിലെ നീക്കിയിരിപ്പിൽ വ്യത്യാസം

ലൈബ്രറി സെസ്സ് ഇനത്തിലെ നീക്കിയിരിപ്പിൽ ചുവടെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

| 2020-21 B 9 പ്രകാരം ഒടുക്കാനുള്ള തുക (1) | 2021-22 RP 36 പ്രകാരം ലഭിച്ച തുക (2) | 2021-22 RP 36 പ്രകാരം ഒടുക്കിയ തുക (3) | 2021-22 B 9 പ്രകാരം ഒടുക്കാൻ ബാക്കിയുള്ള തുക | ഒടുക്കാൻ ബാക്കി വരേണ്ടിയിരുന്ന തുക (1)+(2)-(3) |
|---|---|---|---|---|
| 106948.65 | 118930 | 116182 | 111399.65 | 109696.65 |

മേൽ പ്രകാരം വ്യത്യാസം വരാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ല.(എൻക്വയറി നമ്പർ 18/22.11.2022)

1-2-3 മറ്റ് അപാകതകൾ

1) തൊഴിൽ നികുതി (സ്ഥാപനം/ പ്രൊഫഷണൽ /ട്രേഡേഴ്സ്) എന്ന ഇനത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 7400/- രൂപ കുടിശ്ശികയായി ലഭിക്കുവാനുള്ളതായി ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2) ലൈസൻസ് ഫീസ് (ഡി &ഒ) ഇനത്തിൽ 2019-20 സാമ്പത്തിക വർഷം മുതൽ 1800/- രൂപ കുടിശ്ശികയായി ലഭിക്കുവാനുള്ളതായി ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3) 2016-17 സാമ്പത്തിക വർഷം മുതൽ ധനകാര്യ പത്രികയിൽ ബി-9 ഷെഡ്യൂളിൽ ഇൻകംടാക്സ് ഡിഡക്ട് അറ്റ് സോഴ്സ് ഇനത്തിൽ 7000/- രൂപ ബാധ്യതയായി നിലനിൽക്കുന്നു. ഈ തുക സംബന്ധിച്ച വിശദാംശം, നാളിതുവരെ ഒടുക്കുവരുത്താതതിനുള്ള വിശദീകരണം എന്നിവ ലഭ്യമാക്കിയിട്ടില്ല.

4) 2020-21 സാമ്പത്തിക വർഷം മുതൽ ധനകാര്യ പത്രികയിൽ ബി-9 ഷെഡ്യൂളിൽ "മറ്റ് റിക്കവറികൾ (350200199)" എന്ന ഇനത്തിൽ 22743/- രൂപ ബാധ്യതയായി നിലനിൽക്കുന്നു. ഈ തുക സംബന്ധിച്ച വിശദാംശം, നാളിതുവരെ ഒടുക്കുവരുത്താതതിനുള്ള വിശദീകരണം എന്നിവ ലഭ്യമാക്കിയിട്ടില്ല.

5) 2018-19 സാമ്പത്തിക വർഷം മുതൽ ധനകാര്യ പത്രികയിൽ ബി-9 ഷെഡ്യൂളിൽ "റീഫണ്ട് പേയബിൾ

- തൊഴിൽ നികുതി ജീവനക്കാർ (350400103)" ഇനത്തിൽ 500/- രൂപ ബാധ്യതയായി നിലനിൽക്കുന്നു. ഈ തുക സംബന്ധിച്ച വിശദാംശം, നാളിതുവരെ ഒടുക്കുവരുത്താതതിനുള്ള വിശദീകരണം എന്നിവ ലഭ്യമാക്കിയിട്ടില്ല.

6) ലൈബിലിറ്റി ഇൻ സ്റ്റേയിൽ ചെക്ക് ഇനത്തിൽ 2020-21 മുതൽ 20698/- രൂപ ബാധ്യതയായി നിലനിൽക്കുന്നു. ഈ തുക സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കിയിട്ടില്ല.

എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിലേയ്ക്ക് ബാധ്യതയായി മാറ്റുകയും പകരം ചെക്ക് നൽകുമ്പോൾ ഇതിൽ കുറവുവരുത്തുകയും ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്കുകൾ തിരികെ ലഭിക്കുമ്പോൾ ക്യാൻസൽ ചെയ്യേണ്ടതുമാണ്. ഇപ്രകാരം നടപടികൾ കൈക്കൊണ്ടിട്ടില്ല.

7) ധനകാര്യ പത്രിക ബി-9 ഷെഡ്യൂളിൽ " മറ്റ് ലൈബിലിറ്റികൾ-350800299" എന്ന ഇനത്തിൽ 628255/- രൂപ ബാധ്യതയായി നിലനിൽക്കുന്നു. ഈ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

8) ബി-18 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ നിലനിൽക്കുന്ന ചുവടെ പറയുന്ന തുകകളുടെ വിശദാംശം നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | 4500 | 2018-19 മുതൽ നിലനിൽക്കുന്നു |
| 2 | കേരള ഇലക്ട്രിസിറ്റി ബോർഡ് | 82800 | 2018-19 മുതൽ നിലനിൽക്കുന്നു |
| 3 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 8750 | 2016-17 മുതൽ നിലനിൽക്കുന്നു |

9) ബി-18 ഷെഡ്യൂൾ പ്രകാരം ടൂർ ട്രാവൽ അഡ്വാൻസ് ഇനത്തിൽ 500/- രൂപ 2019-20 മുതൽ ക്രമീകരിക്കുവാനുള്ളതായി കാണുന്നു. ഈ തുകയുടെ വിശദാംശം ക്രമീകരിക്കാത്തതിനുള്ള കാരണം എന്നിവ ലഭ്യമാക്കിയിട്ടില്ല.

10) ധനകാര്യ പത്രിക ബി-18 ഷെഡ്യൂൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ചുവടെ പറയുന്ന അഡ്വാൻസ് തുക വർഷങ്ങളായി ക്രമീകരിക്കാതെ നിലനിൽക്കുന്നു.

| 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|
| 80400<br>(758991-678591) | 80400<br>(80400 + 703238 - 703238) | 80400<br>(80400 + 25000 - 25000) | 528334<br>(80400+ 447934) | 617934<br>(528334 + 250400<br>- 160800) |

A) മേൽ പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ നിലനിൽക്കുന്ന 80400/- രൂപയുടെ വിശദാംശം ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല.

B) തൻ വർഷം ക്രമീകരിക്കുവാനുള്ള 617934/- രൂപയുടെ വിശദാംശം നാളിതുവരെ ക്രമീകരിച്ചവയുടെ വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രകാരമുള്ള പരാമർശത്തിനുള്ള വിശദീകരണം/രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ്

വിവരങ്ങൾ)

| | |
|---|---|
| വർഷം | 2021-22 |
| മുന്നിരിപ്പ് | 69,19,708 |
| വരവ് | 110130086 |
| ആകെ | 117049794 |
| ചെലവ് | 104738053 |
| നീക്കിയിരിപ്പ് | 12311741 |

## 1-4 ഫണ്ട് വിനിയോഗം

A) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | 0 | 18552365 | 18552365 | 14023370 | 4528995 | 75.59 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 5711300 | 5711300 | 4507097 | 1204203 | 78.92 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 13466900 | 13466900 | 12309777 | 1157123 | 91.41 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 22658203 | 22658203 | 12710355 | 9947848 | 56.09 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 0 | 8837088 | 8837088 | 4375083 | 4462005 | 49.51 |
| സി.എഫ്.സി - അൺടൈഡ് | 0 | 5413600 | 5413600 | 3639166 | 1774434 | 67.22 |

| | | | | | | |
|---|---|---|---|---|---|---|
| സി.എഫ്.സി - ടൈഡ് | 0 | 11965355 | 11965355 | 1067167 | 10898188 | 8.92 |

1) വികസന ഫണ്ട് - പൊതുവിഭാഗം സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്യേണ്ട തുകയായ 2635635/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസന ഫണ്ട് - എസ്.സി.പി സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്യേണ്ട തുകയായ 134541/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3)വികസന ഫണ്ട് - ടി.എസ്.പി സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്യേണ്ട തുകയായ 538891/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

ബി) ഫണ്ട് വിനിയോഗം ( രസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | | 0 | 11284733 | 11284733 | 11284733 | 0 |
| വികസന ഫണ്ട് - എസ്.സി.പി | | 0 | 4272556 | 4272556 | 4272556 | 0 |
| വികസന ഫണ്ട്- ടി.എസ്.പി | | 0 | 10861309 | 10861309 | 10861309 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | | 0 | 12121000 | 12121000 | 12121000 | 0 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | | 0 | 4367028 | 4367028 | 4367028 | 0 |
| സി.എഫ്.സി - ടൈഡ് ഫണ്ട് | ബാങ്ക് | 0 | 5115000 | 5115000 | 109758 | 5005242 |
| | ട്രഷറി (സ്പിൽ ഓവർ) | 0 | 957409 | 957409 | 957409 | 0 |
| സി.എഫ്.സി - അൺടൈഡ് ഫണ്ട് | ബാങ്ക് | 0 | 3410000 | 3410000 | 2351526 | 1058474 |
| | പലിശ | 0 | 62193 | 62193 | 0 | 62193 |
| | ട്രഷറി (സ്പിൽ ഓവർ) | 0 | 1289246 | 1289246 | 1289246 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 209 | 126351622 | 168 | 72646580 | 0 | 41 | 80 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷ ത്തിൽ നടപ്പാക്കേണ്ട പ്രൊജക്ടുകളുടെ വിവരം | | 2021-22 വർഷത്തിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 33 | 10643178 | 27 | 7069020 | 66.42 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 104 | 38026009 | 75 | 20960683 | 55.12 |
| 3 | കൃഷി ഓഫീസർ | 10 | 4924617 | 10 | 3720000 | 75.54 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 56042843 | 15 | 27167278 | 48.48 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7381380 | 9 | 7254627 | 98.28 |
| 6 | വെറ്റനറി സർജ്ജൻ | 7 | 1827815 | 7 | 1310329 | 71.69 |
| 7 | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 2 | 250000 | 2 | 250000 | 100 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 10 | 2461680 | 9 | 2085625 | 84.72 |
| | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 200000 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 9 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1200000 | 1 | 959880 | 79.99 |
| 10 | പ്രധാനാധ്യാപകൻ | 7 | 2235300 | 7 | 1681980 | 75.25 |
| 11 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 246000 | 1 | 58550 | 23.80 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 2832800 | 5 | 2048608 | 72.32 |
| | ആകെ | 209 | 128271622 | 168 | 74566580 | 58.13 |

വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി - ജനറൽ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

2021-22 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണം നടത്തുകയും 1920000/- രൂപ ചെലവഴിക്കുകയും ചെയ്ത പ്രോജക്ട് നമ്പർ 5- ലൈഫ് ഭവന പദ്ധതി - ജനറൽ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ

| ക്രമ നമ്പർ | എ.സി.ആറിലെ ക്രമ നമ്പർ | തുക |
|---|---|---|
| 1 | 12 | 1160000 |
| 2 | 21 | 100000 |
| 3 | 32 | 260000 |
| 4 | 43 | 200000 |
| 5 | 46 | 200000 |
| ആകെ | | 1920000 |

സാംഖ്യ സുലേഖ സോഫ്റ്റ് വെയറുകൾ തമ്മിൽ സിംക്രണൈസ് ചെയ്തപ്പോൾ ഉണ്ടായ പിശക് കാരണമാണ് ചെലവ് പത്രികയിൽ ഉൾപ്പെടാതെപോയത് എന്നാണ് മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി 19/22.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 43,997 | 356080 | 400077 | 400077 | 0 |
| ഗുണഭോക്താക്കൾക്ക് | 0 | 25198459 | 25198459 | 25198459 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 43,997 | 25554539 | 25598536 | 25598536 | 0 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 732 പദ്ധതികളുൾപ്പെടുന്ന 17.12കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 207 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 83648 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 268 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 779200 | 49 |
| വിധവാ പെൻഷൻ | 15542800 | 1017 |
| വാർദ്ധക്യകാല പെൻഷൻ | 28052800 | 1969 |
| വികലാംഗ പെൻഷൻ | 5128000 | 330 |
| അവിവാഹിതകളായ 50 വയസ്സിനു മേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 806400 | 55 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 390000 | 13 |
| തൊഴിലില്ലായ്മ വേതനം | 6720 | 13 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17 /11/2022 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 5821/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം | ഒഴിഞ്ഞുകിടക്കുന്നത് |
|---|---|---|---|
| 1 | സെക്രട്ടറി | 1 | 0 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 | 0 |

| | | | |
|---|---|---|---|
| 3 | ഹെഡ് ക്ലാർക്ക് | 1 | 0 |
| 4 | അക്കൗണ്ടന്റ് | 1 | 0 |
| 5 | സീനിയർ ക്ലാർക്ക് | 3 | 0 |
| 6 | ക്ലാർക്ക് | 3 | 0 |
| 7 | ഓഫീസ് അസിസ്റ്റന്റ് | 2 | 0 |
| 8 | പി.റ്റി.എസ് | 1 | 1 |
| 9 | ലൈബ്രേറിയൻ (പാർട്ട് ടൈം) | 1 | 0 |
| ആകെ | | 14 | 1 |

കരാർ നിയമനം

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 |
| 2 | പ്രോജക്ട് അസിസ്റ്റന്റ് | 1 |
| 3 | അക്രഡിറ്റഡ് എഞ്ചിനീയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) | 1 |
| 4 | ഓവർസിയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) | 1 |
| 5 | ഡാറ്റ് എന്റ്രി ഓപ്പറേറ്റർ | 2 |
| ആകെ | | 6 |

യോഗ വിവരങ്ങൾ

| ക്രമ നമ്പർ | കമ്മിറ്റി | ഓഡിറ്റ് കാലയളവിൽ ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | പഞ്ചായത്ത് കമ്മിറ്റി | 23 |
| 2 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 14 |
| 3 | വികസന സ്റ്റാന്റിംഗ് കമ്മിറ്റി | 21 |
| 4 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 15 |
| 5 | ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി | 16 |
| 6 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം | 11 |

| | | |
|---|---|---|
| 7 | സ്റ്റാഫ് മീറ്റിംഗ് | 9 |

1-10 റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല

2016-17 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 29/4/2017 | 11706100188 | 14/291 | 18 |
| 2 | 6/5/2017 | 11706100249 | 16/206 | 96 |
| 3 | 10/5/2017 | 11706100304 | 12/35 | 176 |
| 4 | 25/5/2017 | 11706100436 | 4/335A | 694 |
| 5 | 9/6/2017 | 11706100609 | 6/242 | 109 |
| 6 | 12/6/2017 | 11706100613 | 14/316 | 24 |
| 7 | 19/6/2017 | 11706100695 | 7/138 | 55 |
| 8 | 3/7/2017 | 11706100872 | 13/19 | 43 |
| 9 | 31/7/2017 | 11706101386 | 11/389B | 440 |
| 10 | 7/8/2017 | 11706101442 | 6/360 | 380 |
| 11 | 9/8/2017 | 11706101447 | 17/165 | 78 |
| 12 | 25/1/2018 | 11706103085 | 12/54 | 33 |
| 13 | 8/3/2018 | 11706105014 | 10/464 | 757 |

| | | | | |
|---|---|---|---|---|
| 14 | 26/3/2018 | 11706105426 | 8/63 | 1705 |
| 15 | 11/6/2018 | 118060101569 | 7/276A | 13716 |
| 16 | 23/7/2018 | 118060102258 | 13/275 | 272 |
| 17 | 13/8/2018 | 118060102487 | 14/191A | 630 |
| 18 | 17/8/2018 | 118060102534 | 10/112 | 25 |
| 19 | 20/2/2019 | 118060104794 | 16/12 | 56 |
| 20 | 13/5/2019 | 119060100933 | 11/263 | 145 |
| 21 | 30/1/2020 | 119060104282 | 9/187A | 1060 |
| 22 | 30/1/2020 | 119060104298 | 4/80 | 39 |
| 23 | 14/3/2020 | 119060106414 | 3/266 | 364 |
| 24 | 18/5/2020 | 120060100063 | 10/246E | 713 |
| 25 | 10/6/2020 | 120060100355 | 5/296 | 50 |
| 26 | 6/7/2020 | 120060100933 | 15/85 | 20 |
| 27 | 6/7/2020 | 120060100934 | 15/86 | 30 |
| 28 | 7/8/2020 | 120060101118 | 11/106 | 25 |
| 29 | 18/8/2020 | 120060101218 | 2/367 | 280 |
| 30 | 18/8/2020 | 120060101219 | 2/344 | 100 |
| 31 | 7/9/2020 | 120060101405 | 15/73 | 30 |
| 32 | 3/11/2020 | 120060101910 | 11/68 | 277 |
| 33 | 23/11/2020 | 120060102379 | 10/135 | 20 |
| 34 | 7/12/2020 | 120060102530 | 9/521 | 20 |
| 35 | 18/12/2020 | 120060102580 | 10/232 | 28 |
| 36 | 9/3/2021 | 120060104128 | 11/378 | 158 |
| 37 | 19/7/2021 | 121060101122 | 17/158 | 130 |
| 38 | 11/10/2021 | 121060102214 | 14/48 | 144 |
| 39 | 17/12/2021 | 121060103066 | 1/320 | 55 |
| ആകെ | | | | 22995 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/18.11.2022 ന് സോഫ്റ്റ് വെയർ അപാകതമൂലമാണ് ക്യാൻസലേഷൻ സംഭവിക്കാതിരുന്നതെന്നും ടി സാങ്കേതിക പ്രശ്നം പരിഹരിച്ച് നൽകുന്നതിന് ഐ.കെ.എം ന് രേഖാമൂലം നൽകുന്നതും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക പിരിച്ചെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.

ജി.ഒ(എം.എസ്).144/15/തസ്വഭവ,തീ.27.04.2015,ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ചുവടെ പറയുന്ന ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 4/254, 4/254A | രുക്മിണി, പെർളത്തടുക്ക ഹൗസ്, കാട്ടുകക്കെ |
| 2 | 5/27, 5/28 | പി.വേണുഗോപാല റൈ, പെർള |
| 3 | 5/207, 5/208 | ശങ്കു, ബെദ്രക്കാട് ഹൗസ് |
| 4 | 6/191, 6/191A | സദാശിവ |
| 5 | 16/217, 16/218 | മൊഹമ്മദ്, കരെട്ക്ക ഹൗസ്, പെർള |

മേൽ പറഞ്ഞ വ്യക്തികൾക്ക് ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് നൽകിയതു സംബന്ധിച്ച വിശദാംശവും കെട്ടിട ഉടമകൾ സമർപ്പിച്ച സത്യവാങ്മൂലവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/21.11.2022 ന് മേൽ പരാമർശം സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ വിഷയത്തിൻമേൽ തുടർ നടപടി സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1.1.2005 ലെ സ.ഉ (എം.എസ്) നം 3/2005/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിമുക്ത ഭടൻമാരെയും / വിധവകളെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം അടക്കുന്നതിൽ നിന്നും 2004-05 അർദ്ധവർഷം മുതൽ ഒഴിവാക്കി ഉത്തരവായിരുന്നു. സ.ഉ(കൈ)നം 106/17/തസ്വഭവ, 26.5.17 പ്രകാരം പരിഷ്കരിച്ച ഉത്തരവും പുറപ്പെടുവിച്ചിരുന്നു. ഈ നിർദ്ദേശ പ്രകാരം ചുവടെ പറയുന്നവയുടെ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1) കെട്ടിട നികുതി ഇളവ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ / സാക്ഷ്യപത്രം ഓരോ വർഷവും മാർച്ച് 31 ന മുമ്പായി തദ്ദേശ സ്വയംഭരണ മേധാവിക്ക് നൽകേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം ഈ ഇനത്തിൽ ലഭിച്ച അപേക്ഷകളുടെ വിവരം, നികുതി ഇളവ് അനുവദിച്ചവയുടെ എണ്ണം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) കെട്ടിടനികുതി ഇളവിന് അർഹരായ വിമുക്തഭടൻമാർക്ക് / വിമുക്തഭടൻമാരുടെ ഭാര്യമാർക്ക് / വിധവകൾക്ക് നികുതി സംബന്ധമായി ഒരു പ്രേത്യേക രജിസ്റ്റർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. കെട്ടിടനികുതി ഇളവ് അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഏതെങ്കിലും മാറ്റം വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളും യഥാസമയം ഗുണഭോക്താക്കൾ അറിയിക്കേണ്ടതും പ്രസ്തുത വിവരം ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ അനുയോജ്യമായ കോളത്തിൽ / പേജിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

എന്നാൽ ഇത്തരത്തിൽ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3) ചുവടെ പറയും പ്രകാരം ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടത്തിന് ഈ ഇനത്തിൽ നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.

| കെട്ടിട നമ്പർ | പേര് | ഇളവ് നൽകിയ വർഷം |
|---|---|---|
| 7/257, 7/258A | എസ്.കൃഷ്ണ ഭട്ട്, സാലത്തടുക്ക ഹൗസ്, പഡ്രെ | 2013 ഒന്നാം അർദ്ധവർഷം മുതൽ |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/21.11.2022 ന് കെട്ടിട നികുതി ഇളവ് സംബന്ധിച്ച രജിസ്റ്റർ കാലികമാക്കി ഓഡിറ്റ് പരാമർശം പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്നും 2021-22 വർഷം ലഭിച്ച അപേക്ഷകളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നുമാണ് മറുപടി ലഭിച്ചിട്ടുള്ളത്.

മേൽ പരാമർശത്തിൻമേൽ നടപടി സ്വീകരിച്ച് രജിസ്റ്റർ, അപേക്ഷകൾ എന്നീ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-13 ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുക നാളിതുവരേയും ലഭ്യമായിട്ടില്ല.

ചുവടെ പറയുന്ന ചെക്ക് പ്രകാരം പഞ്ചായത്തിനു ലഭിക്കേണ്ട തുക നാളിതുവരെയും അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

| ബാങ്ക് | വൗച്ചർ നം, തീയതി | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| കാസറഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 121060500025, 17/9/2021 | 0938064, 17/9/2021 | 20000/- |

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 പ്രകാരം ചെക്ക്/ഡി.ഡി എന്നിവ ലഭിക്കുമ്പോൾ

പണമാക്കുന്നതിനു വിധേയമായി എന്ന് വ്യക്തമായി രേഖപ്പെടുത്തിയ രസീത് നൽകേണ്ടതും ഏതെങ്കിലും ചെക്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതുമാണ്. മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതും രസീത് റദ്ദാക്കിയ വിവരം ചെക്ക് നൽകിയ ആളെ അറിയിക്കേണ്ടതും ബാങ്ക് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കുവാൻ ആവശ്യപ്പെടേണ്ടതും തുക ഒടുക്കുന്ന മുറയ്ക്ക് രസീത് നൽകേണ്ടതുമാണ്.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/21.11.2022 ന് കാട്ടുകക്കെ എച്ച്.എസ്.എസ് എന്ന സ്കൂളിന്റെ ഒന്നാം വർഷ തൊഴിൽ നികുതി അടവാക്കുന്നതിന് ലഭിച്ച മേൽ പ്രകാരമുള്ള ട്രഷറി ചെക്ക് ബാങ്കിൽ നൽകിയത് വരവ് വരാതിരുന്നത് ടി കക്ഷികളെ അറിയിക്കുകയും അവർ പരിശോധിച്ച് വിവരം അറിയിക്കാമെന്ന് പറഞ്ഞിരുന്നതിനാലാണ് ടി ചെക്ക് ക്യാൻസൽ ചെയ്യാതിരുന്നതെന്നും ഇപ്പോൾ വീണ്ടും അവരുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും ടി വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്നുമാണ് മറുപടി ലഭിച്ചിട്ടുള്ളത്.

മേൽ വിഷയത്തിൽ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

A) 2021-22 സാമ്പത്തിക വർഷത്തിൽ രണ്ടാം അർദ്ധവർഷം ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി (സ്ഥാപനം, ജീവനക്കർ) ഈടാക്കിയിട്ടില്ല.

1) കജംപാടി നേഴ്സിംഗ് ഹോം

2) കാസറഗോഡ് വുഡ് ഇൻഡസ്ട്രീസ്

3) ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ്

B) ചുവടെ പറയുന്ന ജീവനക്കാരിയുടെ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ട്.

| പേര് | പത്രിക പ്രകാരം അർദ്ധവർഷ വരുമാനം | ഈടാക്കിയ നികുതി | ഈടാകേണ്ടിയിരുന്ന നികുതി | വ്യത്യാസം |
|---|---|---|---|---|
| ശ്രീകല.കെ.കെ, പി.എച്ചി.സി-പെർള | 83460 | 600 | 750 | 150 |

C) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി, മാവേലിസ്റ്റോർ, റേഷൻ ഷോപ്പുകൾ , കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

D) പ്രോജക്ട് നമ്പർ 218 പ്രകാരം ലാബ് ടെക്നീഷ്യൻ വേതനമിനത്തിൽ ഖതീജത്ത് റിസ്വാന ഷാദത്ത് .എം ന് 107630/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മേൽ വ്യക്തിയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/21.11.2022 ന് തൊഴിൽ നികുതി സംബന്ധിച്ച സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറ്റുള്ള പരാമർശങ്ങൾ പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് അറിയിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

തുടർ നടപടി സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

1) സഞ്ചയസോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ബിൽഡിംഗ് ഐ.ഡി | ഡോർ നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 51186010009752 | 3/289/A | India Telecom Infra Limited |

| ക്രമ നമ്പർ | വർഷം | കാലയളവ് | നികുതി | ലൈബ്രറി സെസ് | ആകെ നികുതി |
|---|---|---|---|---|---|
| 1 | 2019 | ഒന്നാം അർദ്ധവർഷം | 5500.00 | 275.00 | 5775.00 |
| 2 | 2019 | രണ്ടാം അർദ്ധവർഷം | 5500.00 | 275.00 | 5775.00 |
| 3 | 2020 | ഒന്നാം അർദ്ധവർഷം | 5500.00 | 275.00 | 5775.00 |
| 4 | 2020 | രണ്ടാം അർദ്ധവർഷം | 5500.00 | 275.00 | 5775.00 |
| 5 | 2021 | ഒന്നാം അർദ്ധവർഷം | 5500.00 | 275.00 | 5775.00 |
| 6 | 2021 | രണ്ടാം അർദ്ധവർഷം | 5500.00 | 275.00 | 5775.00 |
| 7 | 2022 | ഒന്നാം അർദ്ധവർഷം | 5500.00 | 275.00 | 5775.00 |
| 8 | 2022 | രണ്ടാം അർദ്ധവർഷം | 5500.00 | 275.00 | 5775.00 |
| ആകെ | | | 44000 | 2200 | 46200 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 27/24.11.2022 ന് 3/289/A India Telecom Infra Limited എന്ന മൊബൈൽ ടവറിന്റെ നികുതി അടവാക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതാണെന്നും തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ പ്രകാരമുള്ള നികുതി പിഴ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 മരാമത്ത് പ്രവൃത്തികൾ - നിരീക്ഷണങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം ചെയ്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട ഏതാനും നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു

എ) 'എർത്ത് വർക്ക് എക്സ്കവേഷൻ' - കെട്ടിടങ്ങളുടെ തറ നിർമ്മാണം, റോഡ് നിർമ്മാണം / അറ്റകുറ്റപ്പണി, കാന നിർമ്മാണം തുടങ്ങിയ മരാമത്ത് പ്രവൃത്തിളിലെ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തികളിൽ (എർത്ത് വർക്ക് എക്സ്കവേഷൻ ) , 3.5.1 (Earthwork Excavation By Manual Means) എന്ന Code ഉപയോഗിച്ചാണ് ഭൂരിഭാഗം എസ്റ്റിമേറ്റുകളും തയ്യാറാക്കുന്നതായി കാണുന്നത്. എന്നാൽ പ്രവൃത്തികൾ കൂടുതലും Mechanical(JCB) മാർഗ്ഗത്തിലൂടെയാണ് നിർവഹിച്ചിട്ടുള്ളത്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 3.5.2 / 3.5.3 എന്നീ Code കൾ പ്രകാരം തയ്യാറാക്കുന്നതാണ് അഭിലഷണീയം. കൂടാതെ പ്രവൃത്തിയുടെ നിരക്കിലും കാര്യമായ കുറവുണ്ടാകുന്നതാണ്. അതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ

സാമ്പത്തിക അച്ചടക്കം പാലിക്കുവാൻ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും.

ബി) വാണിനഗർ എസ്.റ്റി. കോളനി കമ്യൂണിറ്റി ഹാൾ (പ്രോ.നം.162/22) – ഈ പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിന്റെ ഹാളിൽ Ceramic Glazed Floor Tiles Of Size 300 X 300 Mm Of 1st Quality.. (Code 11.37) ടൈൽ വിരിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്കായി വളരെ നിലവാരം കുറഞ്ഞതും പഴക്കത്താൽ നിറം മങ്ങിയതുമായ ടൈലാണ് ഉപയോഗിച്ചിട്ടുള്ളത്.ഈ ഇനം പ്രവൃത്തിക്ക്, ചതുരശ്ര മീറ്ററിന് ₹ 908.90/- നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പ്രവൃത്തികളുടെ നിർവഹണത്തിൽ, ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൂടി ഉറപ്പുവരുത്തേണ്ടതാണ്.

സി) പെർള ബസ് വെയിറ്റിങ് ഷെഡ്, ടോയ് ലെറ്റ് നവീകരണം (പ്രോ.നം.173/22) –

1) പ്രവർത്തിയുടെ ഭാഗമായി നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുകയാണ്.ഇതനുസരിച്ച് പ്രവർത്തിയുടെ അളവ് പുസ്തകം നം.12/21-22 ലെ പേജ് നം.01 പ്രകാരം (Item No:2 – Dismantiling RCC Work Manually/by Mechanical Means Including Stacking Of Steel Bars And Disposal Of Etc) 6.792 M3 ഘനത്തിൽ സ്ലാബുകൾ (Toilet & Waiting Shed) പൊളിച്ചുമാറ്റിയിട്ടുണ്ട്. കൂടാതെ ഭിത്തി (Item No:3 – Demolishing Brickwork Manually/by Mechanical Means Including Stacking Of Servicable Materials And Disposal) 20.025 M3 ഘനത്തിൽ പൊളിച്ചുമാറ്റിയിട്ടുണ്ട്. ഈ Stack ചെയ്തിരിക്കുന്ന, ഉപയോഗപ്രദമായ Materials സെക്രട്ടറിക്ക് കൈമാറുന്നതാണെന്ന് അളവ് പുസ്തകത്തിന്റെ പേജ് നം.02 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇവ സെക്രട്ടറിക്ക് കൈമാറി, ലേലം ചെയ്ത് തുക പഞ്ചായത്തിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

2) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ, ടോയ് ലെറ്റുകളിൽ ഓരോ എക്സ്ഹോസ്റ്റ് ഫാനുകൾ കൂടി ഉൾപ്പെടുത്തി നിർവഹണം ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ അനുഭവപ്പെടുന്ന ദുർഗന്ധം പരിഹരിക്കുന്നതിന് സഹായകരമാകുമായിരുന്നു. കൂടാതെ ഒരു വാഷ്ബേസിനിൽ സ്ഥാപിച്ചിട്ടുള്ള ടാപ്പ് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

### 1-17 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല - ചെലവ് തുകയായ 171285/- രൂപ തടസ്സപ്പെടുത്തുന്നു.

1)

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 227/21 - ഷീ ലോഞ്ച് പ്രവർത്തനക്ഷമമാക്കൽ |
| അടങ്കൽ | വി.ഫ (ജനറൽ) -73980 /- |
| ചെലവ്<br>വി.ഫ (ജനറൽ) - 71285/- | <table><tr><td>ബിൽ നമ്പർ</td><td>തീയതി</td><td>തുക</td></tr><tr><td>21200252013001526354</td><td>30/3/2022</td><td>71285/-</td></tr></table> |
| നിർവ്വഹണ ഉദ്യാഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് സാധനങ്ങൾ വാങ്ങുന്നതിനായി സിംസാം ഹോം നീഡ്സ് എന്ന സ്ഥാപനത്തിന് 71285/- രൂപ നൽകുകയും ഇൻവോയ്സ് നമ്പർ 11716, 30/3/2022 പ്രകാരം സാധനങ്ങൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരേയും ഈ സാധനങ്ങൾ ഷീ ലോഞ്ചിൽ ഉപയോഗിച്ചിട്ടില്ല.

2)

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 261/21 - ഹരിത പ്രോട്ടോക്കോൾ സിഡിഎസിന് പാത്രങ്ങൾ വാങ്ങി നൽകൽ (വനിത് പദ്ധതി) |
| അടങ്കൽ | വി.ഫ (ജനറൽ) -100000/- |
| ചെലവ് വി.ഫ (ജനറൽ) - 100000/- | ബിൽ നമ്പർ: 21200252013001526382; തീയതി: 30/3/2022; തുക: 100000/- |
| നിർവ്വഹണ ഉദ്യാഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 21200252013001526382 | 30/3/2022 | 100000/- |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് കാന്റീൻ പ്രവർത്തനത്തിനായി പാത്രങ്ങൾ വാങ്ങുന്നതിന് സിംസാം ഹോം നീഡ്സ് എന്ന സ്ഥാപനത്തിന് 100000/- രൂപ നൽകുകയും ഇൻവോയ്സ് നമ്പർ 11718, 30/3/2022 പ്രകാരം സാധനങ്ങൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരേയും കാന്റീൻ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/21.11.2022 ന് ഷീ ലോഞ്ച് പ്രവർത്തനക്ഷമമാക്കൽ എന്ന പദ്ധതിക്കു വേണ്ടി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്ത് സൂക്ഷിച്ചിട്ടുണ്ടെന്നും ഷീ ലോഞ്ചിൽ ഇവ സ്ഥാപിക്കാൻ പഞ്ചായത്ത് സൗകര്യം ഒരുക്കുന്ന മുറയ്ക്ക് ഉപയോഗിക്കുന്നതാണെന്നും ഹരിത പ്രോട്ടോക്കോൾ സിഡിഎസിന് പാത്രങ്ങൾ വാങ്ങി നൽകൽ (വനിത് പദ്ധതി) പ്രകാരം പാത്രം വാങ്ങി സിഡിഎസിനെ ഏൽപ്പിച്ചിട്ടുണ്ടെന്നും പഞ്ചായത്തിലെ ജനകീയ ഹോട്ടൽ തുറക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണെന്നും ആയത് തുറക്കുന്നതോടെ ഈ പാത്രങ്ങൾ ഉപയോഗിക്കപ്പെടുമെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ പ്രകാരം ഷീ ലോഞ്ച് പ്രവർത്തനക്ഷമമാക്കി വാങ്ങിയ സാധനങ്ങൾ ഉപയോഗപ്പെടുത്തുകയും ജനകീയ ഹോട്ടൽ പ്രവർത്തനക്ഷമമാക്കി പാത്രങ്ങൾ ഇവയ്ക്കായി ഉപയോഗിക്കുകയും ചെയ്ത് വിവരം ഓഡിറ്റ് ലഭ്യമാക്കുന്നമുറയ്ക്ക് 171285/- രൂപയുടെ തടസ്സം ഒഴിവാക്കുന്നതാണ്.

1-18 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു

2020-21, 2021-22 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായും കാണുകയുണ്ടായി (2020-21, 2021-22 ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ, 2020-21,2021-22 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.) സ. ഉ. (എം എസ്)483/17/ധന/06.11.17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം.

മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താകൾക്ക് ചുവടെ ചേർത്തപ്രകാരം തുടർന്നും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്യതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| | | | | | മാസം | അനുവദിച്ച തുക |
| 1 | കുഞ്ഞ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 608626812422 | 111860600028 | 27.05.2021 | 2021 ജൂൺ മുതൽ 2021സെപ്തംബർ വരെ | 1,600 X 4<br>6,400 |
| 2 | ടി.ബാലകൃഷ്ണ നായ്ക്ക് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 250034985838 | 111860202259 | 08.01.2021 | 2021ഫെബ്രുവരി മുതൽ<br>2021 മാർച്ച് വരെ | 1,500 X 2<br>3,000 |
| | | | | | 2021ഏപ്രിൽ മുതൽ 2021 ഡിസംബർ വരെ | 1,600 X 9<br>14,400 |
| 3 | കമല (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 576878851575 | 111860201407 | 07.04.2021 | 2021 മെയ് മുതൽ 2022 സെപ്തംബർ വരെ | 1,600x 17<br>27,200 |
| 4 | സീതു (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 272652896313 | 111860200130 | 06.09.2021 | 2021 ഒക്ടോബർ മുതൽ<br>2022 സെപ്തംബർ വരെ | 1,600x 12<br>19,200 |
| 5 | കുഞ്ഞ നായ്ക്ക് (കർഷക തൊഴിലാളി പെൻഷൻ) | 799593103071 | 111860100113 | 29.11.2021 | 2021 ഡിസംബർ മുതൽ<br>2022 സെപ്തംബർ വരെ | 1,600x 10<br>16,000 |
| 6 | ദേവകി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 392382464971 | 111860201631 | 06.02.2021 | 2021 മാർച്ച് | 1,500 X 1<br>1,500 |
| | | | | | 2021 ഏപ്രിൽ മുതൽ 2022 സെപ്തംബർ വരെ | 1,600 X 18<br>28,800 |
| 7 | നാരായണ പൂജാരി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 864969791723 | 111860202105 | 02.07.2021 | 2021 ആഗസ്റ്റ് മുതൽ 2022 സെപ്തംബർ വരെ | 1,600 X 14<br>22,400 |

| | | | | | | |
|---|---|---|---|---|---|---|
| 8 | കമല<br>(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 904702383938 | 111860600847 | 04.07.2021 | 2021 ആഗസ്റ്റ് മുതൽ<br>2022 സെപ്റ്റംബർ വരെ | 1,600x 14<br>22,400 |
| 9 | മഹാലിംഗ മൂല്യ<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 806103460438 | 111860200006 | 20.06.2021 | 2021 ജൂലായ് മുതൽ<br>2022 ഏപ്രിൽ വരെ | 1,600x 10<br>16,000 |
| 10 | അബ്ദുള്ള<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 618543845080 | 111860201729 | 24.02.2021 | 2021 മാർച്ച് | 1,500 X 1<br>1,500 |
| | | | | | 2021 ഏപ്രിൽ മുതൽ<br>2021 മെയ് വരെ | 1,600 X 2<br>3,200 |
| 11 | അച്ചുത ഭട്ട് ബി<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 451019779030 | 111860200458 | 23.04.2021 | 2021 മെയ് മുതൽ<br>2022 സെപ്റ്റംബർ വരെ | 1,600x 17<br>27,200 |
| 12 | കൊഗ്ഗ<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 852979733759 | 111860201344 | 16.05.2021 | 2021 ജൂൺ മുതൽ<br>2022 സെപ്റ്റംബർ വരെ | 1,600x 16<br>25,600 |
| 13 | ജയശ്രീ കെ<br>(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 309550814504 | 111860600677 | 11.04.2021 | 2021 മെയ് മുതൽ<br>2021 ആഗസ്റ്റ് വരെ | 1,600 X 4<br>6,400 |
| 14 | കുഞ്ഞിരാമ പി<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 707894934126 | 111860200229 | 04.02.2020 | 2021 മാർച്ച് | 1,500 X 1<br>1,500 |
| | | | | | 2021 ഏപ്രിൽ മുതൽ<br>2022 സെപ്റ്റംബർ വരെ | 1,600 X 18<br>28,800 |
| 15 | രാമണ്ണ റായ് ബി<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 531692976305 | 111860200260 | 17.02.2020 | 2020 മാർച്ച് മുതൽ<br>2020 ഏപ്രിൽ വരെ | 1,500 X 2<br>3,000 |
| | | | | | 2020 മെയ് മുതൽ<br>2021 ജനവരി വരെ | 1,500 X 9<br>13,500 |
| 16 | രാമ പട്ടാലി<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 680967870767 | 111860201207 | 28.01.2020 | 2020 മാർച്ച് മുതൽ<br>2020 ഏപ്രിൽ വരെ | 1,220 X 2<br>2,440 |
| | | | | | 2020 മെയ് മുതൽ<br>2020 ആഗസ്റ്റ് വരെ | 1,300 X 4<br>5,200 |
| | | | | | 2020സെപ്റ്റംബർ മുതൽ<br>2020 ഡിസംബർ വരെ | 1,400 X 4<br>5,600 |
| | | | | | 2021ജനവരി മുതൽ<br>2021മാർച്ച് വരെ | 1,500 X 3<br>4,500 |
| | | | | | 2021ഏപ്രിൽ മുതൽ<br>2022സെപ്റ്റംബർ വരെ | 1,600 X 18<br>28,800 |
| 17 | ലക്ഷ്മി<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 791173691637 | 111860201953 | 08.07.2020 | 2020 ആഗസ്റ്റ് | 1,300 X 1<br>1,300 |
| | | | | | 2020സെപ്റ്റംബർ മുതൽ<br>2020 ഒക്ടോബർ | 1,400 X 2<br>2,800 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വരെ | |
| 18 | മൂസ<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 942333562893 | 111860200550 | 17.04.2020 | 2020മെയ് മുതൽ<br>2020ആഗസ്റ്റ് വരെ | 1,500 X 4<br>6,000 |
| 19 | എൈസമ്മ എം<br>(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 336118458258 | 111860600719 | 28.06.2020 | 2020 ജൂലായ് മുതൽ<br>2020 ആഗസ്റ്റ് വരെ<br>2020സെപ്റ്റംബർ മുതൽ<br>2020 ഡിസംബർ വരെ<br>2021ജനവരി മുതൽ<br>2021മാർച്ച് വരെ<br>2021ഏപ്രിൽ മുതൽ<br>2022സെപ്റ്റംബർ വരെ | 1,300 X 2<br>2,600<br>1,400 X 4<br>5,600<br>1,500 X 3<br>4,500<br>1,600 X 18<br>28,800 |
| 20 | ബാബു<br>(ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ) | 242628896085 | 111860400403 | 15.08.2020 | 2020സെപ്റ്റംബർ മുതൽ<br>2020 ഡിസംബർ വരെ<br>2021ജനവരി മുതൽ<br>2021മാർച്ച് വരെ<br>2021ഏപ്രിൽ മുതൽ<br>2022ജ്യൂൺ വരെ | 1,400 X 4<br>5,600<br>1,500 X 3<br>4,500<br>1,600x 15<br>24,000 |
| 21 | ആദം കുഞ്ഞി<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 613273827936 | 111860201351 | 10.04.2020 | 2020 മെയ് മുതൽ<br>2020 ആഗസ്റ്റ് വരെ<br>2020സെപ്റ്റംബർ മുതൽ<br>2020 ഒക്ടോബർ വരെ | 1,300 X 4<br>5,200<br>1,400 X 2<br>2,800 |
| 22 | രാമ നായ്ക്ക്<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 507708280084 | 111860202091 | 25.01.2020 | 2020 ഫെബ്രുവരി മുതൽ<br>2020ഏപ്രിൽ വരെ<br>2020 മെയ് മുതൽ<br>2020 ആഗസ്റ്റ് വരെ<br>2020സെപ്റ്റംബർ | 1,220 X 3<br>3,660<br>1,300 X 4<br>5,200<br>1,400 X 1<br>1,400 |
| 23 | എൈത്തപ്പ നായ്ക്ക്<br>(ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ) | 411888051640 | 111860400044 | 22.01.2020 | 2020 ജനവരി മുതൽ<br>2020ഏപ്രിൽ വരെ<br>2020 മെയ് മുതൽ<br>2020 ആഗസ്റ്റ് വരെ<br>2020സെപ്റ്റംബർ മുതൽ<br>2020 ഡിസംബർ വരെ<br>2021ജനവരി മുതൽ<br>2021മാർച്ച് വരെ | 1,220 X 4<br>4,880<br>1,300 X 4<br>5,200<br>1,400 X 4<br>5,600<br>1,500 X 3<br>4,500 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 2021ഏപ്രിൽ മുതൽ 2022ഫെബ്രുവരി വരെ | 1,600 X 11<br>17,600 |
| 24 | സുലൈഖമ്മ കെ<br>(ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ) | 224455810488 | 111860201594 | 27.10.2020 | 2020നവംബർ മുതൽ 2021മാർച്ച് വരെ | 1,500 X 5<br>7,500 |
| | | | | | 2021ഏപ്രിൽ | 1,600 X 1<br>1,600 |
| 25 | അബ്ദുള്ള പി.എം<br>(ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ) | 489613724905 | 111860200920 | 15.09.2020 | 2020ഒക്ടോബർ മുതൽ 2021മാർച്ച് വരെ | 1,500 X 6<br>9,000 |
| | | | | | 2021ഏപ്രിൽ മുതൽ 2022സെപ്റ്റംബർ വരെ | 1,600 X 18<br>28,800 |
| 26 | ശാരദ<br>(ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ) | 899879700949 | 111860201368 | 20.04.2020 | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1,300 X 4<br>5,200 |
| | | | | | 2020സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ | 1,400 X 4<br>5,600 |
| 27 | ദേവകി എ<br>(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 747019280652 | 111860600426 | 09.04.2021 | 2021 മെയ് മുതൽ 2022 സെപ്റ്റംബർ വരെ | 1,600x 17<br>27,200 |
| 28 | പാർവ്വതി<br>(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 720735676031 | 111860600360 | 19.11.2020 | 2020ഡിസംബർ | 1,400 X 4<br>5,600 |
| | | | | | 2021ജനവരി മുതൽ 2021മാർച്ച് വരെ | 1,500 X 3<br>4,500 |
| | | | | | 2021ഏപ്രിൽ മുതൽ 2022ഫെബ്രുവരി വരെ | 1,600 X 11<br>17,600 |
| 29 | മൊഹമ്മദ്<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 739790492889 | 111860200145 | 30.10.2021 | 2021നവംബർ മുതൽ 2022ഫെബ്രുവരി വരെ | 1,600 X 4<br>6,400 |
| 30 | ഖദീജ<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 207597765055 | 111860202101 | 08.10.2021 | 2021നവംബർ മുതൽ 2021ഡിസംബർ വരെ | 1,600 X 2<br>3,200 |
| 31 | പോൾ ഡിസൂസ<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 316839610696 | 111860202189 | 11.04.2021 | 2021മെയ് മുതൽ 2022സെപ്റ്റംബര വരെ | 1,600x 17<br>27,200 |
| 32 | ജെമ്മി ഡിസൂസ<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 973157604249 | 111860201679 | 02.09.2021 | 2021ഒക്ടോബർ മുതൽ 2022സെപ്റ്റംബർ വരെ | 1,600x 12<br>19,200 |
| 33 | അണ്ണപ്പ നായ്ക്ക്<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 387129965660 | 111860200295 | 05.09.2021 | 2021ഒക്ടോബർ മുതൽ 2021ഡിസംബർ വരെ | 1,600x 3<br>4,800 |
| ആകെ | | | | | | 6,49,680 |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാതു മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ധന/23.9.20) ഖ. 13)

മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.20/24.11.2022) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷ പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 6,49,680/-രൂപ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 2020-21,2021-22 വർഷത്തെ ഡെത്ത് രജിസ്ട്രേഷൻ രജിസ്റ്ററിൽ 362 മരണം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡെത്ത് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ സേവന പെൻഷൻ വിവരങ്ങളുമായി ഒത്തു നോക്കി, ഇപ്രകാരമുള്ള ആരെങ്കിലും പെൻഷൻ വാങ്ങിക്കൊണ്ടിരുന്നവരായിരുന്നുവെങ്കിൽ എത്രയും വേഗം പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതും, മരണപ്പെട്ട ശേഷവും പ്രസ്തുത ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് എത്രയും വേഗം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-19 കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ -വാഹനം വാടകയ്ക്ക് എടുത്തത് -അപാകത

| | |
|---|---|
| പ്രോജക്ട് നം. | S0091/2022 |
| പ്രോജക്ടിന്റെ പേര് | കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വാഹന വാടക |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി.പെർല |
| അടങ്കൽ | 85,680/-( തനത് ഫണ്ട്) |
| ചെലവ് തുക | 85,680/- |
| ചെക്ക് നമ്പർ / തീയ്യതി | 2901183/ 03.06.2021 – RS.85,680/- |

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പെർല പി.എച്ച്.സിലേക്ക് കോവിഡ് -19 വ്യാപനവുമായി ബന്ധപ്പെട്ട് പ്രതിരോധപ്രവർത്തനങ്ങൾ വേണ്ടി ഫീൽഡ് പരിശോധന നടത്തുന്നതിന് ആരോഗ്യ വകുപ്പ് ജീവനക്കാർ ആവശ്യപ്പെട്ടത് പ്രകാരം വാഹനം വാടകയ്ക്ക് എടുത്തതിന്

തനത് ഫണ്ടിൽ നിന്നും 85,680/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

1) ശ്രീ.സൂഫി.പി.ഐ എന്നിവരുടെ ഉടമസ്ഥതയിലുള്ള KL-13 B-460 നമ്പർ ടാക്സി വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചിട്ടുണ്ട്. കിലോമീറ്ററിന് 15/-രൂപ നിരക്കിലാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്. ഇതുപ്രകാരം ശ്രീ.സൂഫി.പി.ഐ എന്ന വ്യക്തിയുടെ വാഹനം 22.04.2020 മുതൽ 16.05.2020 വരെ അകെ 3059 കിലോമീറ്റർ വാഹനം ഓടിയ വകയിൽ ചെക്ക് നമ്പർ. 2901183 തീയ്യതി 03.06.2021 പ്രകാരം ആകെ 45,885/-രൂപ ശ്രീ.സൂഫി.പി.ഐ ക്ക് അനുവദിച്ചിട്ടുണ്ട് (3059 X 15 = 45,885) ആയതിന്റെ വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | ട്രിപ്പ് ഷീറ്റ് പ്രകാരം വാഹനം ഓടിയ തീയ്യതി | കിലോ മീറ്റർ | കിലോമീറ്റർ നിരക്ക് | നൽകിയ തുക |
|---|---|---|---|---|
| 1 | 22.04.2020 | 130 | 15 | 1950 |
| 2 | 23.04.2020 | 174 | 15 | 2610 |
| 3 | 24.04.2020 | 180 | 15 | 2700 |
| 4 | 25.04.2020 | 150 | 15 | 2250 |
| 5 | 27.04.2020 | 180 | 15 | 2700 |
| 6 | 28.04.2020 | 180 | 15 | 2700 |
| 7 | 29.04.2020 | 160 | 15 | 2400 |
| 8 | 30.04.2020 | 130 | 15 | 1950 |
| 9 | 01.05.2020 | 130 | 15 | 1950 |
| 10 | 02.05.2020 | 130 | 15 | 1950 |
